**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 93** **10-10-2024 - ൽ മറുപടിയ്ക്ക്**

**റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പല റോഡുകളും തകർന്നതിനാൽ ജനങ്ങൾ യാത്രാദുരിതം നേരിടുന്നതായുള്ള ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് റോഡുകളുടെ പരിപാലനത്തിനായി സമഗ്രമായ പദ്ധതി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. പരിപാലന കാലാവധിയിൽ അല്ലാത്ത റോഡുകളിൽ റണ്ണിംഗ് കോൺട്രാക്റ്റ് സംവിധാനം നടപ്പിലാക്കി ഭൂരിഭാഗം റോഡുകളും ഗതാഗതയോഗ്യമാക്കി മാറ്റിയിട്ടുണ്ട്. പരിപാലന കാലാവധിയിൽ ഉള്ള റോഡുകൾ കൃത്യമായി പരിപാലിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടായ അതിശക്തമായ മഴയും പ്രകൃതി ക്ഷോഭവും കാരണം ചില റോഡുകൾക്ക് ഭാഗികമായി കേടുപാടുകൾ ഉണ്ടായിട്ടുണ്ട്. ഈ റോഡുകൾ പൂർവ്വ സ്ഥിതിയിൽ എത്തിക്കുന്നതിനായുള്ള നടപടികൾ നടന്നുവരുന്നു.<br><br>കാലവർഷത്തെ തുടർന്ന് സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയ്ക്ക് സംഭവിച്ച കേടുപാടുകൾ /നാശനഷ്ടങ്ങൾ എന്നിവ വിലയിരുത്തുന്നതിനായി ഫീൽഡ് ലെവലിൽ സ്ഥിതിഗതികൾ വിലയിരുത്തി അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കുന്നതിനു വേണ്ടി ചീഫ് എഞ്ചിനീയർമാരെ ഉൾപ്പെടുത്തി കമ്മിറ്റി സ.ഉ(സാധാ)നമ്പർ 772/2024/PWD തീയതി 06/08/2024 പ്രകാരം രൂപീകരിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ചീഫ് എഞ്ചിനീയർമാർ സ്ഥലം പരിശോധിച്ച് സ്ഥിതിഗതികൾ വിലയിരുത്തുകയും വിവിധ യൂട്ടിലിറ്റികൾക്കായി വിട്ടു നൽകിയ റോഡുകളിൽ യൂട്ടിലിറ്റി പ്രവൃത്തികൾ പൂർത്തിയാകാത്ത ഇടങ്ങളിൽ അറ്റകുറ്റപ്പണി ആവശ്യമായി വരുന്ന സമയത്ത് ബന്ധപ്പെട്ട ഏജൻസികൾക്ക് നിർദ്ദേശം നൽകാറുണ്ട്. കോടതി വ്യവഹാരത്തിൽ ഉൾപ്പെട്ട ചില റോഡുകൾ, കരാറുകാരെ ടെർമിനേറ്റ് ചെയ്ത ചില റോഡുകൾ, പ്രവൃത്തി തുടരുന്ന റോഡുകൾ തുടങ്ങിയ ഇടങ്ങളിൽ |

| | | | |
|---|---|---|---|
| | | | അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ക്രമീകരണം ഏർപ്പെടുത്തുന്നുണ്ട്. റണ്ണിംഗ് കോൺട്രാക്റ്റ് പ്രവൃത്തികൾ ഉൾപ്പെടെയുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് IAS ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള വകുപ്പിലെ ഉദ്യോഗസ്ഥർ ഫീൽഡ് തല പരിശോധന നടത്തി വരുന്നു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുത്തൽ നടപടികളും കൈക്കൊള്ളാറുണ്ട് |
| (ബി) | റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താത്തതിന്റെ കാരണം വെളിപ്പെടുത്തുമോ; | (ബി) | സംസ്ഥാനത്ത് പൊതുമരാമത്ത് റോഡുകളുടെ പരിപാലനത്തിനായി സമഗ്രമായ പദ്ധതി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. പരിപാലന കാലാവധിയിൽ അല്ലാത്ത റോഡുകളിൽ റണ്ണിംഗ് കോൺട്രാക്റ്റ് സംവിധാനം നടപ്പിലാക്കി ഭൂരിഭാഗം റോഡുകളും ഗതാഗതയോഗ്യമാക്കി മാറ്റിയിട്ടുണ്ട്. പരിപാലന കാലാവധിയിൽ ഉള്ള റോഡുകൾ കൃത്യമായി പരിപാലിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടായ അതിശക്തമായ മഴയും പ്രകൃതി ക്ഷോഭവും കാരണം ചില റോഡുകൾക്ക് ഭാഗികമായി കേടുപാടുകൾ ഉണ്ടായിട്ടുണ്ട്. ഈ റോഡുകൾ പൂർവ്വ സ്ഥിതിയിൽ എത്തിക്കുന്നതിനായുള്ള നടപടികൾ നടന്നുവരുന്നു.<br><br>കാലവർഷത്തെ തുടർന്ന് സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയ്ക്ക് സംഭവിച്ച കേടുപാടുകൾ /നാശനഷ്ടങ്ങൾ എന്നിവ വിലയിരുത്തുന്നതിനായി ഫീൽഡ് ലെവലിൽ സ്ഥിതിഗതികൾ വിലയിരുത്തി അടിയന്തിരമായി റിപ്പോർട്ട് സമർപ്പിക്കുന്നതിനു വേണ്ടി ചീഫ് എഞ്ചിനീയർമാരെ ഉൾപ്പെടുത്തി കമ്മിറ്റി സ.ഉ(സാധാ)നമ്പർ 772/2024/PWD തീയതി 06/08/2024 പ്രകാരം രൂപീകരിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ചീഫ് എഞ്ചിനീയർമാർ സ്ഥലം പരിശോധിച്ച് സ്ഥിതിഗതികൾ വിലയിരുത്തുകയും വിവിധ യൂട്ടിലിറ്റികൾക്കായി വിട്ടു നൽകിയ റോഡുകളിൽ യൂട്ടിലിറ്റി പ്രവൃത്തികൾ പൂർത്തിയാകാത്ത ഇടങ്ങളിൽ അറ്റകുറ്റപ്പണി ആവശ്യമായി വരുന്ന സമയത്ത് ബന്ധപ്പെട്ട ഏജൻസികൾക്ക് നിർദ്ദേശം നൽകാറുണ്ട്. കോടതി വ്യവഹാരത്തിൽ ഉൾപ്പെട്ട ചില റോഡുകൾ, കരാറുകാരെ ടെർമിനേറ്റ് ചെയ്ത ചില റോഡുകൾ, പ്രവൃത്തി തുടരുന്ന റോഡുകൾ തുടങ്ങിയ ഇടങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ക്രമീകരണം ഏർപ്പെടുത്തുന്നുണ്ട്. റണ്ണിംഗ് കോൺട്രാക്റ്റ് പ്രവൃത്തികൾ ഉൾപ്പെടെയുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് IAS ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള വകുപ്പിലെ |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥർ ഫീൽഡ് തല പരിശോധന നടത്തി വരുന്നു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുത്തൽ നടപടികളും കൈക്കൊള്ളാറുണ്ട് |
| (സി) | കരാർ പ്രകാരമുള്ള പരിപാലന കാലയളവിനുള്ളിൽ റോഡുകളിലെ അറ്റകുറ്റപ്പണികൾ കരാറുകാർ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു അറിയിക്കുമോ; | (സി) | പരിപാലന കാലാവധിയിൽ ഉള്ള റോഡുകളുടെ പരിപാലനം ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. DLP ബോർഡുകൾ സ്ഥാപിച്ച് പരിപാലന കാലാവധി പരസ്യപ്പെടുത്തിയിട്ടുണ്ട്. റോഡിലെ പ്രശ്നങ്ങൾ കരാറുകാരുടേയും ഉദ്യോഗസ്ഥരുടേയും ശ്രദ്ധയിൽപ്പെടുത്താൻ ബന്ധപ്പെട്ട നമ്പറുകൾ പരസ്യപ്പെടുത്തുന്നുണ്ട്. വീഴ്ച വരുത്തുന്ന കരാറുകാരിൽ നിന്നും പി.ഡബ്ല്യൂ.ഡി മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. |
| (ഡി) | കരാറുകാർക്ക് കുടിശിക നൽകാനുള്ളത് റോഡുകളുടെ അറ്റകുറ്റപ്പണികളെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ഇല്ല |

സെക്ഷൻ ഓഫീസർ